**കേരള സർക്കാർ**

**(സംഗ്രഹം)**

പൊതുമരാമത്ത് വകുപ്പ്-കണ്ണൂർ ജില്ല - താഴെചൊവ്വ - കൂത്തുപറമ്പ് റോഡിലെ ചാല ബൈപ്പാസിൽ 27/08/2012- ന് ഉണ്ടായ ഗ്യാസ് ടാങ്കർ ലോറി അപകടം- ആശ്വാസ നടപടികൾ-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (പി.എസ്) വകുപ്പ്

സ.ഉ(സാധാ) നം.1549/2012/പൊ.മ.വ തീയതി, തിരുവനന്തപുരം, 06/09/2012.

---

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ താഴെചൊവ്വ - കൂത്തുപറമ്പ് റോഡിലെ ചാല ബൈപ്പാസിൽ 27/08/2012 - ന് അർദ്ധരാത്രിയോടെ ഉണ്ടായ ഗ്യാസ് ടാങ്കർ ലോറി അപകടത്തെത്തുടർന്ന് സംസ്ഥാനത്തെ റോഡുകൾ അപകടരഹിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു. ആയതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) കണ്ണൂർ ജില്ലയിലെ ചാല - താഴെചൊവ്വ റോഡിലെ വളവുകൾ നേരെയാക്കി പണിയുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി അടിയന്തിരമായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എൻജിനീയർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ii) ചാല - നടാൽ ബൈപ്പാസ് വീതികൂട്ടുന്നതിനാവശ്യമായ സ്ഥലം റെയിൽവേയിൽ നിന്നും ഏറ്റെടുക്കുന്നതിനും, റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി പൊതുമരാമത്ത് വകുപ്പിന്റെ '5054-03 -337-98-16 സ്റ്റേറ്റ് ഹൈവേ ഡെവലപ്മെന്റ് ആൻഡ് ഇംപ്രൂവ്മെന്റ്' എന്ന ശീർഷകത്തിൽ ലഭ്യമായ ഫണ്ടിൽ നിന്നും 225 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(iii) സംസ്ഥാനത്തെ റോഡുകളിൽ അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ഡിവൈഡറുകൾ പതിനഞ്ചുദിവസത്തിനകം നീക്കം ചെയ്യുകയോ, ശാസ്ത്രീയമായ രീതിയിൽ പുന:ക്രമീകരിക്കുകയോ ചെയ്യുന്നതിനും, റോഡുകളിലുള്ള അനധികൃതമായ കയ്യേറ്റങ്ങളും പരസ്യങ്ങളും ഹോർഡിങ്ങുകളും നീക്കം ചെയ്യുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന സംഘത്തിൽ, പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ സമയബന്ധിതമായി നടപ്പാക്കുന്നു എന്ന് ബന്ധപ്പെട്ട് ചീഫ് എൻജിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പി.എച്ച്.കുര്യൻ

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എൻജിനീയർ (റോഡുകളും പാലങ്ങളും/~~ദേശീയപാത/പ്രോജക്ട്സ്~~),

പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

ധനകാര്യവകുപ്പ്.

പൊതുഭരണ (എസ്.സി) വകുപ്പ്

(03/09/2012 ലെ മന്ത്രിസഭായോഗനടപടിക്കുറിപ്പുകൾ - ഇനം നം.2190)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തര വിൻ പ്രകാരം

സെക്ഷൻ ഓഫീസർ